# ദീപു

ഹെലൻ

സാന്ത്വന ചികിത്സാ കേന്ദ്രം, തൃശൂർ

2002 സെപ്തംബർ – ദീപുവിന് വയറുവേദനയായിരുന്നു. മരുന്നുകൊണ്ട് വേദന കുറയുന്നില്ല. ഡോക്ടർ പറഞ്ഞതനുസരിച്ച് ആർ.സി.സി.യിൽ പോയി. പരിശോധന കഴിഞ്ഞു. ആരും കേൾക്കാനാഗ്രഹിക്കാത്ത സത്യം ഡോ. ഗംഗാധരൻ പറഞ്ഞു: ദീപുവിന് കാൻസറാണ്.

ആരാണ് ദീപു. എന്റെ സ്നേഹിതയുടെ മൂത്തമകൻ. ഇരുപത്തിയാറു വയസ്സുള്ള സുന്ദരൻ. അമ്മയും രണ്ടു സഹോദരങ്ങളുമൊത്ത് കുന്നംകുളത്തു ജീവിക്കുന്നു. ജോലിയുണ്ട്. അടിപൊളി ജീവിതം.

കാൻസറിനുള്ള ചികിത്സാവിധിയനുസരിച്ച് കീമോ തെറാപ്പി, റേഡിയേഷൻ ഇവയെല്ലാം മുറയ്ക്കു നടന്നു. രോഗത്തിന് ആശ്വാസമുണ്ടായി. രോഗത്തെപ്പറ്റി ഞങ്ങൾക്ക് ഉൽക്കണ്ഠയുണ്ടായിരുന്നെങ്കിലും അവനുവേണ്ടി ഞങ്ങൾ സന്തോഷിച്ചു.

അവൻ വീണ്ടും ജോലിക്കു പോകുവാൻ തീരുമാനിച്ചു. രണ്ടായിരത്തി മൂന്ന് ആരംഭിച്ചിരുന്നു.

ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് അവൻ നല്ലവനായി ജീവിക്കുവാൻ തുടങ്ങി. ബന്ധുക്കളും സ്നേഹിതരുമായി സന്തോഷം പങ്കിട്ടു. ജീവിതത്തിന്റെ നനുത്ത കാലൊച്ചകൾ. രണ്ടായിരത്തി മൂന്ന് ഏപ്രിൽ പന്ത്രണ്ട്. ദീപുവിന്റെ ഇരുത്തിയേഴാം ജന്മദിനം. പുതുജീവൻ കിട്ടിയ സംതൃപ്തി. ഏവർക്കും സന്തോഷം.

പക്ഷേ സമാധാനം ക്ഷണികമായിരുന്നു. ദീപു ഒരു ദിവസം ബോധംകെട്ടു വീണു. അപസ്മാരം. ഉടനെ അവനെ ലേയ്ക്ഷോർ ആശുപത്രിയിലെത്തിച്ചു.

ഡോക്ടർ ഗംഗാധരന്റെ മ്ലാനത ഞങ്ങൾ മനസ്സിലാക്കി.

"കുഴപ്പം വല്ലതുമുണ്ടോ" എന്ന ദീപുവിന്റെ ചോദ്യത്തിന് ഞങ്ങൾ നിഷേധാർത്ഥത്തിൽ തലയാട്ടിയ "ദൈവം എന്നെ കൈവിടില്ലെന്ന് അപ്പോഴെ എനിക്കറിയാമായിരുന്നു." ദീപു പറഞ്ഞു.

കണ്ടുനിന്നവർ ഉള്ളിൽ തേങ്ങി.

ദീപുവിന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരുന്നു. വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവനാണ് അവൻ എന്ന് ഞങ്ങൾ ഉള്ളൊതുക്കി. ഏതു നിമിഷവും കുരുക്ക് അവന്റെ കഴുത്തിൽ വീണേയ്ക്കും.

ആശ കൈവിടാത്ത ദീപുവിന്റെ സംസാരം ഞങ്ങളെ കൂടുതൽ വിഷമിപ്പിച്ചു. ലെയക്ഷോറിൽ നിന്നു കുന്നംകുളത്തെ ഒരു നഴ്സിങ്ങ് ഹോമിലേയ്ക്ക് അവനെ മാറ്റി. താമസിയാതെ അവന്റെ ഒരു വശം തളർന്നു. അവനിപ്പോൾ അറിഞ്ഞിരിക്കണം, മരണത്തിന്റെ കാലടികൾ.

ജൂൺ ഇരുപത്തിമൂന്നിന് എനിക്ക് ഫോൺ വന്നു, എത്രയും വേഗം അവനെ കാണണം, അവന് എന്നോട് ചിലത് പറയാനുണ്ട്. ഇരുപത്തിയേഴാം തീയതി വരാമെന്നു പറഞ്ഞപ്പോൾ, ഇരുപത്തിനാലിനു രാവിലെയെങ്കിലും എത്തണം, അവൻ നിർബന്ധിച്ചു.

കുറെ സമയം ഞാൻ അവനോടൊപ്പമിരുന്നു. ഞാൻ വിചാരിച്ചപോലെ അവൻ മരണത്തെപ്പറ്റിയല്ല പറഞ്ഞത്. ജോലിക്ക് എത്തുമ്പോൾ എന്റെ കൂടെ താമസിക്കും, ഒരു പെൺകുട്ടിയെ വേഗം കല്യാണം കഴിക്കണം,...

ഞാൻ വീട്ടിലേയ്ക്കു മടങ്ങി. ഇരുപത്തിയാറാം തീയതി രാത്രി ഞാൻ ദീപുവിനെ സ്വപ്നം കണ്ടു. പിറ്റേന്നു രാവിലെ ഞാനവന്റെ വീട്ടിലെത്തി. അബോധാവസ്ഥയിൽ കിടക്കുന്ന ദീപുവിനെ അധികനേരം കണ്ടുനിൽക്കാനായില്ല. രണ്ട് മണിയോടെ അവന്റെ ശ്വാസം നിലച്ചു.

കാൻസർ മരണമായി ചിലരെമാത്രം പുള്ളികുത്തി ഇരുട്ടിലേക്കു വലിച്ചുകൊണ്ടുപോകുന്നതെന്താണ്? വേദന ദൈവം ചിലർക്കു മാത്രമായി കൊടുക്കുന്നതെന്താണ്? വെറും ഒരു വീട്ടമ്മയായ എനിക്കിതിനൊന്നും ദാർശനികമായ ഉത്തരങ്ങളില്ല. പ്രാർത്ഥിക്കുമ്പോൾ ഞാനീ ചോദ്യങ്ങൾ വെറുതെ ചോദിക്കുന്നു. ദീപു എന്റെ മുമ്പിൽ ചോദ്യമായി ചിരിക്കുന്നു. ജീവിതത്തിന്റെ ക്ഷണികതയെ, എന്റെ കഥയില്ലായ്മയെ നോക്കി അവൻ ചിരിക്കുകയാണോ? അതോ അവൻ എന്തെങ്കിലും ഗഹനങ്ങളായ ഉത്തരങ്ങൾ എന്നോടു പറയുന്നുണ്ടോ? ഒരു വീട്ടമ്മയ്ക്ക് ഇതൊക്കെ കണ്ടിരിക്കാനല്ലേ സാധിക്കൂ, ഈ നാടകങ്ങൾ, നിഴലുകൾ.

• • • • • • • • • • •